**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5065** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ജലപരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ജലപരിശോധനയ്ക്കും പാചകക്കാരുടെ വൈദ്യപരിശോധനയ്ക്കും സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് പണം അനുവദിച്ച നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ജലപരിശോധനയ്ക്കും പാചകക്കാരുടെ വൈദ്യപരിശോധനയ്ക്കും വകുപ്പിൽനിന്നും സർക്കാർ / എയ്ഡഡ് സ്കൂളുകൾക്ക് പണം അനുവദിക്കുന്നില്ല. എന്നാൽ സ്കൂളുകളിൽനിന്നും ഉച്ചഭക്ഷണ സാമ്പിളുകളോടൊപ്പം കുടിവെള്ള സാമ്പിളുകളും റാൻഡമായി ശേഖരിച്ച് NABL അക്രഡിഷൻ ഉള്ള ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇതിനുള്ള ചെലവ് പൊതുവിദ്യാഭ്യാസ വകുപ്പ് വഹിക്കുന്നുണ്ട്. |
| (ബി) | ജലപരിശോധന സൗജന്യമായി ചെയ്യുവാൻ സാധിക്കുന്ന സർക്കാർ സ്കൂളുകൾക്ക് സമയബന്ധിതമായി പ്രസ്തുത റിപ്പോർട്ട് ലഭിക്കാത്തതിനാൽ പ്രതിസന്ധി നേരിടുന്നു എന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാരനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ